# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1540** **12.06.2019 ൽ മറുപടിയ്ക്ക്**

**നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം വർഷത്തിൽ ശരാശരി എത്ര എണ്ണമാണ് ;

എ) സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 2017-18- ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ തെങ്ങുകൃഷി വിസ്തൃതി 760443 ഹെക്ടറും ഉല്പാദനം 5230 മില്യൺ തേങ്ങയുമാണ്.

ബി) നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ;

ബി) നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്രീയ കൃഷി മുറകൾ പാലിക്കുന്നതിലൂടെ കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തെങ്ങു കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അടുത്ത 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളും 2019 ൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 1.44 ലക്ഷം ഹെക്ടർ സ്ഥലത്ത് അധികമായി തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിനും തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 6889 നാളികേരത്തിൽ നിന്നും 8500 നാളികേരമായി ഉയർത്തുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും 75 തെങ്ങിൻ തൈകൾ വീതം വിതരണം ചെയ്ത് നടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 വർഷം 300 കേര ഗ്രാമങ്ങൾ ഉൾപ്പെട്ട പഞ്ചായത്തുകളിലും കൂടാതെ 200 തെരഞ്ഞെടുത്ത പഞ്ചായത്തുകളിലും

തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ്, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നുണ്ട്.

തെങ്ങിൻ തോപ്പുകളിൽ വാഴ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കുരുമുളക്, പുഷ്പ കൃഷി എന്നിവ ഇടവിളയായി പ്രചരിപ്പിച്ച് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് 6,000/- രൂപ ആനുകൂല്യവും നൽകുന്നുണ്ട്. നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളും കേരഗ്രാമം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സി) നാളികേരത്തിന്റെ ഉല്പാദനവർദ്ധനയ്ക്കും തെങ്ങ് കൃഷി വ്യാപനത്തിനും ആയി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

സി) നാളികേരത്തിന്റെ ഉല്പാദന വർദ്ധനവിനും തെങ്ങ് കൃഷി വ്യാപനത്തിനുമായി 2019-20 വർഷം 2401-00-103-87 ശീർഷകത്തിൽ ആകെ 6900 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പദ്ധതി ഘടകം | പ്ലാൻ വിഹിതം (ലക്ഷം രൂപ) |
|---|---|---|
| 1 | കേരഗ്രാമം | 4300.00 |
| 2 | അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ മാതൃകാ തോട്ടങ്ങൾക്ക് | 300.00 |
| 3 | CPCRI- യുമായി യോജിപ്പുള്ള പ്രോജക്ടുകൾക്ക് ധനസഹായം | 50.00 |
| 4 | തെങ്ങിൻ തോട്ടങ്ങളിലെ കീടരോഗ നിയന്ത്രണം കാമ്പയിൻ അടിസ്ഥാനത്തിൽ | 250.00 |
| 5 | പ്രോജക്ട് അധിഷ്ഠിത നാളികേര വികസനം | 100.00 |
| 6 | തെങ്ങ് കൃഷി പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി നാളികേര കൗൺസിൽ പദ്ധതി | 1900.00 |
| | ആകെ | 6900.00 |

Maya P

**സെക്ഷൻ ഓഫീസർ**